നമ്പർ.എം.റ്റി(3)25774/17 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 16/06/2017

## സർക്കുലർ നം 32/2017

വിഷയം- സഹകരണ വകുപ്പ് -കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ബി.ടെക് അഡ്മിഷനായുള്ള മാനേജ്മെന്റ് സീറ്റിൽ 10% സീറ്റ് സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ മക്കൾക്ക് സംവരണം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന- 1. ജി. ഒ (ആർ. റ്റി) നമ്പർ29/2017/സഹ തീയതി 18/01/2017
2 കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂ ക്കേഷൻ(കേപ്പ്)ഡയറക്ടറുടെ 08/05/2017ലെ Acd/1754/2017/CAPE/1214നമ്പർ കത്ത്.
3 സർക്കാരിന്റെ 27/05/2017ലെസഹ B3/127/2017/സഹ നമ്പർ കത്ത്

കോ- ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) നിയന്ത്രണത്തിലുള്ള എഞ്ചിനിയറിംഗ് കോളേജുകളിലെ ബി.ടെക് കോഴ്സിലേയ്ക്ക് മാനേജ്മെന്റ് സീറ്റിൽ നിന്നും 10% സീറ്റ് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലേയും സഹകരണ സംഘം രജിസ്ട്രാർക്ക് നിയന്ത്രണാധികാരമുള്ള സഹകരണമേഖലയിലെ മറ്റ് സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ മക്കൾക്ക് സംവരണം ചെയ്ത് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേപ്പ് ഡയറക്ടർ സൂചന (2) പ്രകാരം തയ്യാറാക്കിയ ബിടെക് കോഴ്സുകളിലേയ്ക്കുള്ള പരിഷ്ക്കരിച്ച സീറ്റ് വിഭജന പട്ടികയുടെ അടിസ്ഥാനത്തിലും ടി പട്ടിക പ്രസിദ്ധീകരിക്കണമെന്ന സൂചന (3) പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലും കേപ്പിലെ ബിടെക് കോഴ്സുകളുടെ സീറ്റ് വിഭജനം താഴെ കാണുന്ന പട്ടിക പ്രകാരം പുനഃക്രമീകരിച്ചിരിക്കുന്നു.

| ക്രമ നം | ക്വാട്ട | ബി.ടെക് കോഴ്സുകളിലേയ്ക്കുള്ള നിലവിലെ സീറ്റ് വിഭജനം | 2017–18 അക്കാദമി വർഷത്തിൽ പരിഷ്ക്കരിച്ച് ബിടെക് സീറ്റ് വിഭജനം | സീറ്റ് വിഭജനത്തിൽ വരുത്തിയ മാറ്റങ്ങലെ സംബന്ധിച്ച വിവരം |
|---|---|---|---|---|
| 1 | മെരിറ്റ സീറ്റ് | 50% | 60% | |
| 2 | മാനേജ്മെന്റ് സീറ്റ് | 35% | 35% | ഓരോ വിഭാഗത്തിലേയും മാനേജ്മെന്റ് ക്വാട്ടയിൽ ഉൾപ്പെട്ട സീറ്റുകളിൽ 10% സീറ്റ് സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണ അധികാരമുള്ള സഹകരണ മേഖലയിലെ മറ്റ് സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ മക്കൾക്കായി മാറ്റി വച്ചിരിക്കുന്നു. ഇപ്രകാരം മാറ്റി വയ്ക്കപ്പെട്ട സീറ്റുകളിൽ നികത്താൻ കഴിയാത്ത സീറ്റുകൾ മാനേജ്മെന്റ് ക്വാട്ടയിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിനായി ലഭമാക്കുന്നതാണ്. |
| 3 | എൻ. ആർ ഐ ക്വാട്ട | 15% | 5% | എൻ. ആർ ഐ ക്വാട്ടയിലേയ്ക്ക് മാറ്റി വയ്ക്കപ്പെട്ട 5% സീറ്റുകളിൽ നികത്താൻ കഴിയാത്തവ കേന്ദ്രീകൃത അലോട്ട്നെന്റിനായി പ്രവേശനപരീക്ഷ കമ്മീഷണർക്ക് നൽകുന്നതാണ്. ഇപ്രകാരം മാറ്റപ്പെട്ട സീറ്റുകൾ മാനേജ്മെന്റ് ക്വാട്ടയിലേയ്ക്ക് നിലവിൽ അനുവദിച്ചതിൽ കൂടുതലായി പരിഗണിക്കപ്പെടും |

നിലവിൽ കേപ്പിന്റെ കീഴിലുള്ള ഒൻപത് എഞ്ചിനീയറിംഗ് കോളേജുകളിൽ സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാറുടെ

നിയന്ത്രണ അധികാരമുള്ള സഹകരണ മേഖലയിലെ മറ്റ് സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ മക്കൾക്കായി ഓരോ ബ്രാഞ്ചിലേയ്ക്കും മാറ്റി വച്ചിരിക്കുന്ന 10% സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു

| SL NO | Branch | Muttathara CEM | Perumon PRN | Kidangoor KGR | Aranmula AEC | Pathanapuram PEC | Punnapra PRP | Thalaserry TLY | Vadakara VDA | Thrikaripur TKR | Total |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ECE | 2 | 4 | 2 | 2 | 2 | 2 | 4 | 2 | 2 | 22 |
| 2 | CSE | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 18 |
| 3 | EEE | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 18 |
| 4 | ME | 2 | 2 | - | - | - | 2 | 2 | - | - | 8 |
| 5 | CE | 2 | - | 2 | 2 | 2 | 2 | 2 | 2 | 2 | 16 |
| 6 | IT | - | 2 | 1 | - | - | 2 | 2 | 2 | 1 | 10 |
| 7 | EIE | - | - | 2 | - | - | - | - | 2 | - | 4 |
| | Total | 10 | 12 | 11 | 8 | 8 | 12 | 14 | 12 | 9 | 96 |

മേൽ സർക്കുലർ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തരനടപടികൾ എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും/ബന്ധപ്പെട്ട സ്ഥാപനങ്ങൾ / നിയന്ത്രണ അധികാരികൾ എന്നിവർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

എസ് .ലളിതാംബിക ഐ .എ .എസ്

സഹകരണ സംഘം രജിസ്ട്രാർ

1 സ്പെഷ്യൽ സെക്രട്ടറി (ഉപരിപത്രം സഹിതം)
സഹകരണ വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

2 സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്

3 എല്ലാഅഡീഷണൽ രജിസ്ട്രാറുടെയും മേശപ്പുറത്ത്

4 മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്

5 ഇ പി ആർ ഒ, സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്)

6 എഡിറ്റർ സഹകരണ ജേണൽ (പ്രസിദ്ധീകരണത്തിന്)
സംസ്ഥാന സഹകരണ യൂണിയൻ, തീരുവനന്തപുരം

7 എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും

8 എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും

9 എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ ജനറൽ മുഖേന)

10 എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(ജോയിന്റ് ഡയറക്ടർ മുഖേന)

11 ഐ റ്റി സെക്ഷൻ സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
( സർക്കാർ വെബ്സെറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്.വി/എം.റ്റി)